**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2538** **23-02-2026 - ൽ മറുപടിയ്ക്ക്**

**കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ കുടിശിക വിതരണവും വിഹിത വർദ്ധനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിൽ പെൻഷൻ ആനുകൂല്യങ്ങൾ ഉൾപ്പെടെ വിതരണം ചെയ്യാൻ കുടിശികയുള്ള ആനുകൂല്യങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | കേരള കയർ തൊഴിലാളി ക്ഷേമനിധിയിൽ നിന്നും വിരമിച്ച കയർ തൊഴിലാളികൾക്ക് 2026 ജനുവരി മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ 2019 മുതൽ 2021 വരെ 6 ഘട്ടങ്ങളിലായി നടന്ന പെൻഷൻ മസ്റ്ററിംഗിൽ ഉൾപ്പെട്ടവർക്ക് നൽകാനുള്ള കുടിശ്ശികയും, 2021 വരെ പുതുതായി പെൻഷൻ നൽകിയവരുടെ, 60 വയസ്സ് പൂർത്തീകരിച്ച കാലയളവ് മുതലുള്ള വിവിധ കാലയളവുകളിലെ മുൻകാല പെൻഷൻ കുടിശ്ശികയുമടക്കം 17044 പെൻഷൻകാർക്കായി 13.55 കോടി രൂപ പെൻഷൻ കുടിശ്ശിക നൽകാനുണ്ട്.<br><br>വിവാഹം, സ്ഥിരാസ്വാധീനം, അപകടമരണം, ശവസംസ്കാരം എന്നീയിനത്തിൽ 13,69,000/- രൂപയും, വിദ്യാഭ്യാസ ധനസഹായയിനത്തിൽ 10,87,500/- രൂപയും പ്രസവ ധനസഹായയിനത്തിൽ 20,10,000/- രൂപയും നൽകാനുണ്ട്. |
| (ബി) | പ്രസ്തുത കുടിശികകൾ പൂർണ്ണമായും വിതരണം ചെയ്യുന്നതിനായി ബോർഡിന് നിലവിൽ ആവശ്യമായ തുക എത്രയാണെന്നും നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ ഈ ഇനത്തിൽ ക്ഷേമനിധി ബോർഡിന് അനുവദിച്ചിരിക്കുന്ന തുക എത്രയാണെന്നും വ്യക്തമാക്കുമോ; | (ബി) | പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുന്നതിനായി 13.88 കോടി രൂപയും വിവിധ ആനുകൂല്യങ്ങളുടെ കുടിശ്ശിക അനുവദിക്കുന്നതിനായി 44.665 ലക്ഷം രൂപയും ആവശ്യമാണ്. കേരള കയർത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി തൊണ്ടിന്റെയും ചകിരിയുടെയും കയറിന്റെയും കയർ ഉൽപ്പനങ്ങളുടെയും വിറ്റുവരവിന്മേൽ സെസ്സ് ചുമത്തുന്നതിനും ആയത് പിരിച്ചെടുക്കുന്നതിനും വ്യവസ്ഥ ചെയ്തുകൊണ്ടുള്ള 2008 ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് ആക്റ്റിന്റെ സാധുത ചോദ്യം ചെയ്തുകൊണ്ട് വിവിധ കയർ വിപണന -കയറ്റുമതി കമ്പനികൾ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള WP(C)30000/2009, WP(C)29548/2009 എന്നീ കേസുകളിലെ |

| | | | |
|---|---|---|---|
| | | | ഇടക്കാലവിധി പ്രകാരം സെസ്സ് പിരിക്കുന്നത് സ്റ്റേ ചെയ്തിരിക്കുന്നതിനാൽ കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാവുകയും പെൻഷൻ ആനുകൂല്യങ്ങൾ കുടിശിക ആവുകയും ചെയ്തിട്ടുണ്ട്. വർദ്ധിത തോതിലുള്ള ഭരണപരമായ ചെലവുകൾ വഹിക്കേണ്ടിവരുന്നതും ബോർഡ് നേരിടുന്ന പ്രതിസന്ധിക്ക് കാരണമായിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 150 ലക്ഷവും അധിക ധനാനുമതിയായി 500 ലക്ഷവും കുടിശ്ശിക വിതരണത്തിനായി സർക്കാർ അനുവദിച്ചിട്ടുണ്ട്. |
| (സി) | ഈ സർക്കാരിന്റെ കാലയളവിൽ കയർ തൊഴിലാളികളുടെ ക്ഷേമനിധി വിഹിതം വർധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപയിൽ നിന്നും എത്ര രൂപയായാണ് വർദ്ധിപ്പിച്ചതെന്നും വർദ്ധനവ് ഏത് തീയതി മുതലാണ് പ്രാബല്യത്തിൽ വന്നതെന്നും ആയതിന് അനുപാതികമായി തൊഴിലുടമയുടെ വിഹിതം വർദ്ധിപ്പിച്ചിട്ടുണ്ടോ വ്യക്തമാക്കാമോ? | (സി) | വർധിപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ